# CRE 2025-26

## SESSION 16

OCTOBER 2025

## Segment 1

10 mints

<u>Objectives</u>

1. സൂറഃ മനഃപാഠമാക്കൽ.
2. ഖുർആൻ ആശയം ഗ്രഹിച്ച് പഠിക്കാൻ പ്രോത്സാഹനം നൽകൽ.
3. തജ്‌വീദോടു കൂടി ഖുർആൻ പാരായണം ചെയ്യാൻ പ്രചോദിപ്പിക്കൽ.

### സൂറത്തുൽ സൽസല

https://youtu.be/oqw3-BmdKtQ?si=ewHmNWuGB1lMlbYy

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِذَا زُلۡزِلَتِ ٱلۡأَرۡضُ زِلۡزَالَهَا ﴿١﴾

إِذَازُلْزِلَتِ വിറപ്പിക്ക (കുലുക്ക-കമ്പിപ്പിക്ക)പ്പെട്ടാൽ الْأَرْضُ ഭൂമി زِلْزَالَهَا അതിന്റെ വിറ (കുലുക്കം - കമ്പനം)

99:1 ഭൂമി അതിന്റെ (അതിഭയങ്കരമായ) ആ കമ്പനം കമ്പിക്കപ്പെട്ടാൽ!-

وَأَخۡرَجَتِ ٱلۡأَرۡضُ أَثۡقَالَهَا ﴿٢﴾

وَأَخْرَجَتِ الْأَرْضُ ഭൂമി പുറത്താക്കുക(വെളിക്കുവരുത്തുക)യും أَثْقَالَهَا അതിന്റെ (അതിലെ) ഭാരങ്ങളെ

99:2 ഭൂമി അതിന്റെ ഭാരങ്ങളെ പുറംതള്ളുകയും,

وَقَالَ ٱلۡإِنسَٰنُ مَا لَهَا ﴿٣﴾

وَقَالَ الْإِنسَانُ മനുഷ്യൻ പറയുകയും مَالَهَا അതിന് എന്താണെന്ന്

99:3 'അതിന് എന്താണ് (പറ്റിയത്)' എന്ന് മനുഷ്യൻ പറയുകയും (ചെയ്താൽ)!-

يَوْمَئِذٍ تُحَدِّثُ أَخْبَارَهَا ﴿٤﴾

يَوْمَئِذٍ അന്നത്തെ ദിവസം تُحَدِّثُ അത് പറഞ്ഞറിയിക്കും, വർത്തമാനം പറയും أَخْبَارَهَا അതിന്റെ വർത്തമാനങ്ങളെ

99:4 (അതെ) ആ ദിവസം അത് അതിന്റെ വർത്തമാനങ്ങൾ പറഞ്ഞ് അറിയിക്കുന്നതാണ്.

بِأَنَّ رَبَّكَ أَوْحَىٰ لَهَا ﴿٥﴾

بِأَنَّ رَبَّكَ നിന്റെ റബ്ബ് ആയതുനിമിത്തം أَوْحَى لَهَا അതിന് ബോധനം നൽകി (എന്നത്)

99:5 നിന്റെ റബ്ബ് അതിന് ബോധനം നൽകിയ കാരണത്താൽ.

يَوْمَئِذٍ يَصْدُرُ ٱلنَّاسُ أَشْتَاتًا لِّيُرَوْا۟ أَعْمَـٰلَهُمْ ﴿٦﴾

يَوْمَئِذٍ അന്നു يَصْدُرُ പുറപ്പെട്ടു (രംഗത്ത്)വരും, പുറപ്പെട്ടു പോകും النَّاسُ മനുഷ്യർ أَشْتَاتًا ഭിന്ന സംഘങ്ങളായി, പല കൂട്ടമായി لِّيُرَوْا അവർക്ക് കാട്ടിക്കൊടുക്കപ്പെടുവാൻ വേണ്ടി أَعْمَالَهُمْ അവരുടെ പ്രവർത്തനങ്ങൾ, കർമ്മങ്ങൾ

99:6 അന്നത്തെ ദിവസം, തങ്ങളുടെ പ്രവർത്തന(ഫല)ങ്ങൾ തങ്ങൾക്ക് കാട്ടിക്കൊടുക്കപ്പെടുവാനായി മനുഷ്യർ ഭിന്നസംഘങ്ങളായി രംഗത്ത് വരുന്നതാണ്.

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُۥ ﴿٧﴾

فَمَن يَعْمَلْ അപ്പോൾ ആർ ചെയ്തിരുന്നുവോ مِثْقَالَ ذَرَّةٍ ഒരു അണുത്തൂക്കം (അണു അളവ്) خَيْرًا നന്മ, ഗുണം, നല്ലത് يَرَهُ അവനത് കാണും

99:7 അപ്പോൾ, ആർ ഒരു അണുത്തൂക്കം നന്മ പ്രവർത്തിച്ചിരുന്നുവോ അവൻ അതും കാണും.

وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ﴿٨﴾

وَمَن يَعْمَلْ ആർ പ്രവർത്തിച്ചിരുന്നുവോ مِثْقَالَ ذَرَّةٍ ഒരു അണുത്തൂക്കം شَرًّا തിന്മ, ദോഷം, ചീത്ത يَرَهُ അവൻ അത് കാണും

99:8 ആർ, ഒരു അണുത്തൂക്കം തിന്മ പ്രവർത്തിച്ചിരുന്നുവോ അവൻ അതും കാണും.

# തജ്‌വീദ്

## إدغام بغنّة

കഴിഞ്ഞ ക്ലാസുകളിലായി إدغام എന്താണെന്നും إدغام بلا غنّة യെ ക്കുറിച്ചും നമ്മൾ മനസ്സിലാക്കി. ഇനി ഈ ആയത്ത് പാരായണം ചെയ്തു നോക്കാം..

فَمَن يَعۡمَلۡ مِثۡقَالَ ذَرَّةٍ خَيۡرًا يَرَهُۥ

ഇവിടെ പാരായണം ചെയ്യുമ്പോൾ فَمَنْ എന്ന പദത്തിലെ ن നെ يَعۡمَلۡ എന്ന അടുത്ത പദത്തിലെ ي ലേക്ക് ലയിപ്പിക്കുന്നതോടൊപ്പം മണിച്ചുകൊണ്ട് പാരായണം ചെയ്യണം.

സുക്കൂൻ ഉള്ള ن നും تنوين ശേഷം غنّة ഓടു കൂടി إدغام ചെയ്യേണ്ട അക്ഷരങ്ങളാണ് و ، م ، ن ، ي .

ഇങ്ങനെ ഒരു പദത്തിലായി സുക്കൂൻ ഉള്ള ن ന് ശേഷം و ، م ، ن ، ي എന്നിവയിൽ ഏതെങ്കിലും ഒന്ന് വന്നാൽ ഈ നിയമം ബാധകമല്ല. അവിടെ വെളിവാക്കി ഓതുകയാണ് വേണ്ടത്.

دُنْيَا ، صِنْوَان ، قِنْوَان ، بُنْيَان

(ഖുർആനിലെ ഈ നാല് പദങ്ങളും ഇങ്ങനെത്തന്നെ പാരായണം ചെയ്യണം.)

ഈ സൂറത്തിലെ മറ്റു إدغام بغنّة വരുന്ന ഭാഗങ്ങൾ കണ്ടെത്തുക..

മറ്റു ഉദാഹരണങ്ങൾ:-

1) وَلِسَانًا وَشَفَتَيۡنِ

2) فَذُوقُواْ فَلَن نَّزِيدَكُمۡ إِلَّا عَذَابًا

3) فِي عَمَدٍ مُّمَدَّدَةِۭ

Segment 2

Camproot

30 MINUTES

# അയൽവാസി, സ്വർഗ്ഗത്തിലേക്കുള്ള കൈത്താങ്ങ്

Objectives

- അയൽവാസികളെ സ്നേഹിക്കുന്നവരാവുക.
- അയൽവാസികളോടുള്ള ബാധ്യതകളെ നിറവേറ്റുക.
- അയൽവാസിയോടുള്ള ദ്രോഹത്തിന്റെ ഭവിഷ്യത്ത് തിരിച്ചറിയുക.

അയൽപക്ക ബന്ധത്തിന് ഏറെ പവിത്രത കൽപ്പിച്ച മതമാണ് ദീനുൽ ഇസ്ലാം. അയൽവാസികൾക്ക് ഇസ്‌ലാമിക ശരീഅത്തിൽ വലിയ അവകാശങ്ങൾ നിർണയിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യന്റെ കടമകളിൽവെച്ച് പരമപ്രധാനമായത് അവന്റെ സ്രഷ്ടാവും, രക്ഷിതാവുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനോട് മറ്റൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിനോടുള്ള കടമ കഴിച്ചാൽ പിന്നീട് മനുഷ്യൻ ഏറ്റവും കടപ്പെട്ടിരിക്കുന്ന കാര്യങ്ങളായി വിശുദ്ധ ഖുർആൻ എണ്ണിയതിൽ ഒന്ന് അയൽവാസികളോടുള്ള ബാധ്യതകളാണ്. അല്ലാഹുവിനോടുള്ള കടമയെകുറിച്ചു പറഞ്ഞ ഉടനെ അതോട് ചേർത്തു കൊണ്ട് ഇക്കാര്യം പറഞ്ഞിട്ടുള്ളതിൽ നിന്നുതന്നെ ഇതിന്റെ പ്രാധാന്യം വ്യക്തമാണ്.

وَٱعْبُدُوا۟ ٱللَّهَ وَلَا تُشْرِكُوا۟ بِهِۦ شَيْـًٔا ۖ وَبِٱلْوَٰلِدَيْنِ إِحْسَٰنًا وَبِذِى ٱلْقُرْبَىٰ وَٱلْيَتَٰمَىٰ وَٱلْمَسَٰكِينِ وَٱلْجَارِ ذِى ٱلْقُرْبَىٰ وَٱلْجَارِ ٱلْجُنُبِ
وَٱلصَّاحِبِ بِٱلْجَنۢبِ وَٱبْنِ ٱلسَّبِيلِ وَمَا مَلَكَتْ أَيْمَٰنُكُمْ ۗ إِنَّ ٱللَّهَ لَا يُحِبُّ مَن كَانَ مُخْتَالًا فَخُورًا

നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. (ഖുർആൻ: 4/36)

അയൽപക്ക ബന്ധത്തിന്റെ പ്രാധാന്യം ഇസ്ലാം വളരെ പ്രാധാന്യത്തോടെ പഠിപ്പിച്ചിട്ടുണ്ട്.

1. ഈമാനുമായി ബന്ധപ്പെട്ട പ്രവർത്തനമായിട്ടാണ് അയൽവാസികളോടുള്ള കടമകളെ ഇസ്ലാം കണക്കാക്കിയത്.

عَنْ أَبِي شُرَيْحٍ، أَنَّ النَّبِيَّ صلى الله عليه وسلم قَالَ " وَاللَّهِ لاَ يُؤْمِنُ، وَاللَّهِ لاَ يُؤْمِنُ، وَاللَّهِ لاَ يُؤْمِنُ ". قِيلَ وَمَنْ يَا رَسُولَ اللَّهِ قَالَ " الَّذِي لاَ يَأْمَنُ جَارُهُ بَوَايِقَهُ ".

*അബൂശുറൈഹ് رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവാണ് സത്യം, വിശ്വാസിയാവുകയില്ല. അല്ലാഹുവാണ് സത്യം, വിശ്വാസിയാവുകയില്ല, അല്ലാഹുവാണ് സത്യം, വിശ്വാസിയാവുകയില്ല. ചോദിക്കപ്പെട്ടു: അല്ലാഹുവിന്റെ റസൂലേ, ആരാണവൻ? നബി ﷺ പറഞ്ഞു: ഏതൊരുവന്റെ ഉപദ്രവത്തിൽനിന്ന് തന്റെ അയൽവാസി നിർഭയനാവുന്നില്ലയോ, അവനാണ് വിശ്വസിയാകാത്തത്. (ബുഖാരി: 6016)*

عن أنس بن مالك رضى الله عنه قال قال رسول الله صلى الله عليه وسلم: ما آمن بي من بات شبعانَ وجارُه جائعٌ إلى جنبِه وهو يعلم به

*അനസ് ബ്നു മാലിക് رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: തന്റെ അയൽവാസി തന്റെ ഓരത്ത് വിശക്കുന്നവനായിരിക്കെ , അവനെ കുറിച്ച് അറിഞ്ഞു കൊണ്ട് വല്ലവനും വയറു നിറച്ചു അന്തിയുറങ്ങിയാൽ അവൻ എന്നിൽ വിശ്വസിച്ചവനാവുകയില്ല .(ത്വബ്റാനി-സ്വഹീഹ് അൽബാനി)*

عَنْ أَنَسٍ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : وَالَّذِي نَفْسِي بِيَدِهِ لاَ يُؤْمِنُ عَبْدٌ حَتَّى يُحِبَّ لِجَارِهِ - أَوْ قَالَ لأَخِيهِ - مَا يُحِبُّ لِنَفْسِهِ

*അനസ് ബ്നു മാലിക് رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം. സ്വന്തത്തിന് ഇഷ്ടപ്പെടുന്നത് തന്റെ അയൽക്കാരന് വേണ്ടിയും ഇഷ്ടപ്പെടുന്നത് വരെ ഒരു അടിമ വിശ്വാസിയാവുകയില്ല. (മുസ്ലിം:45)*

നബി ﷺ അബൂഹുറൈറ رَضِيَ اللَّهُ عَنْهُ വിന് നൽകിയ ഉപദേശങ്ങളിൽ ഇപ്രകാരം കാണാം.

وَأَحْسِنْ إِلَى جَارِكَ تَكُنْ مُؤْمِنًا

*നീ നിന്റെ അയൽവാസിക്ക് നന്മകൾ ചെയ്യുക, നിനക്ക് നിർഭയനായ വിശ്വാസി ആകാം. (തിർമിദി:2305)*

2. അല്ലാഹുവിന്റെ അടുക്കൽ ഒരാളുടെ ശ്രേഷ്ഠത അവന്റെ അയൽവാസിയോടുള്ള പെരുമാറ്റത്തെയും ആശ്രയിച്ചാണുള്ളത്.

عَنْ عَبْدِ اللَّهِ بْنِ عَمْرٍو، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : ...... خَيْرُ الْجِيرَانِ عِنْدَ اللَّهِ خَيْرُهُمْ لِجَارِهِ

*ഇബ്നു ഉമർ رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവിങ്കൽ ഉത്തമനാരോ, അയാൾ തൻ്റെ അയൽവാസിക്ക് ഗുണം ചെയ്യുന്നവനാണ്. (തിർമുദി: 1945)*

3. ഒരാൾ നല്ലവനോ , മോശക്കാരനോ എന്നതിൽ അവന്റെ അയൽവാസിയോടുള്ള നിലപാട് ഒരു മാനദണ്ഡമാണെന്ന് പഠിപ്പിക്കപ്പെട്ടിട്ടുണ്ട്.

عَنْ عَبْدِ اللَّهِ، قَالَ قَالَ رَجُلٌ لِرَسُولِ اللَّهِ ـ صلى الله عليه وسلم ـ : كَيْفَ لِي أَنْ أَعْلَمَ إِذَا أَحْسَنْتُ وَإِذَا أَسَأْتُ قَالَ النَّبِيُّ ـ صلى الله عليه وسلم ـ : إِذَا سَمِعْتَ جِيرَانَكَ يَقُولُونَ قَدْ أَحْسَنْتَ فَقَدْ أَحْسَنْتَ وَإِذَا سَمِعْتَهُمْ يَقُولُونَ : قَدْ أَسَأْتَ فَقَدْ أَسَأْتَ

*അബ്ദില്ല رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: ഒരാൾ നബി ﷺ യോട് ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ , ഞാൻ നൻമ ചെയ്താൽ , അല്ലെങ്കിൽ തിൻമ ചെയ്താൽ എനിക്ക് അത് എങ്ങിനെ അറിയാൻ സാധിക്കും? നബി ﷺ പറഞ്ഞു: നിന്റെ അയൽവാസികൾ നീ നൻമ ചെയ്തു എന്ന് പറയുന്നത് കേട്ടാൽ നീ നൻമ ചെയ്തിരിക്കുന്നു. നിന്റെ അയൽവാസികൾ നീ തിൻമ ചെയ്തു എന്ന് പറയുന്നത് കേട്ടാൽ നീ തിൻമ ചെയ്തു. (ഇബ്നുമാജ:4223)*

## അയൽവാസികളെ ദ്രോഹിക്കരുത്.

അയൽവാസികളെ ദ്രോഹിക്കാതിരിക്കുക എന്നുള്ളതും ഈമാനിനോട് ചേർത്താണ് പറഞ്ഞിട്ടുള്ളത്.

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الآخِرِ فَلاَ يُؤْذِي جَارَهُ

*അബൂഹുറൈറ رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്നവർ, തന്റെ അയൽവാസിയെ ദ്രോഹിക്കരുത്. (ബുഖാരി: 5186)*

## ഒരാളുടെ സ്വർഗ പ്രവേശനവും നരക പ്രവേശനവും അയൽവാസിയുമായി ബന്ധപ്പെട്ട് കിടക്കുന്നു.

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : لاَ يَدْخُلُ الْجَنَّةَ مَنْ لاَ يَأْمَنُ جَارُهُ بَوَائِقَهُ

*അബൂഹുറൈറ رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: തന്റെ ഉപദ്രവത്തിൽ നിന്നും അയൽവാസി സുരക്ഷിതനല്ലാത്തവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. (മുസ്‌ലിം: 46)*

عَنْ أَبِي هُرَيْرَةَ، رضى الله عنه قَالَ: قِيلَ لِلنَّبِيِّ صلى الله عليه وسلم: يَا رَسُولَ اللهِ، إِنَّ فُلاَنَةً تَقُومُ اللَّيْلَ وَتَصُومُ النَّهَارَ، وَتَفْعَلُ، وَتَصَّدَّقُ، وَتُؤْذِي جِيرَانَهَا بِلِسَانِهَا؟ فَقَالَ رَسُولُ اللهِ صلى الله عليه وسلم: لاَ خَيْرَ فِيهَا، هِيَ مِنْ أَهْلِ النَّارِ، قَالُوا: وَفُلاَنَةٌ تُصَلِّي الْمَكْتُوبَةَ، وَتَصَّدَّقُ بِأَثْوَارٍ، وَلاَ تُؤْذِي أَحَدًا؟ فَقَالَ رَسُولُ اللهِ صلى الله عليه وسلم: هِيَ مِنْ أَهْلِ الْجَنَّةِ.

*അബൂഹുറൈറ رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, തീർച്ചയായും ഒരു സ്ത്രീ അവൾ രാത്രിയിൽ നമസ്കരിക്കുകയും പകലിൽ നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നു. അവൾ സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നു. ദാനദർമ്മങ്ങൾ നിർവ്വഹിക്കുന്നു, അതോടൊപ്പം അവൾ തന്റെ നാവ് കൊണ്ട് അവളുടെ അയൽവാസിയെ ഉപദ്രവിക്കുന്നു. (അവരുടെ അവസ്ഥയെന്താണ്)? നബി ﷺ പറഞ്ഞു: "അവളിൽ ഒരു നന്മയുമില്ല. അവൾ നരകവാസികളിൽ പെട്ടവളാണ്". അവർ ചോദിച്ചു: ഒരു സ്ത്രീ അവൾ നിർബന്ധ നമസ്കാരങ്ങൾ നമസ്കരിക്കുന്നു, ഉണങ്ങിയ വെണ്ണക്കട്ട ദാനം ചെയ്യുകയും ചെയ്യുന്നു, അവൾ ഒരാളെയും ബുദ്ധിമുട്ടിക്കുന്നില്ല, (അവരുടെ അവസ്ഥയെന്താണ്)? നബി ﷺ പറഞ്ഞു: "അവൾ സ്വർഗവാസികളിൽ പെട്ടവളാണ്".(ബുഖാരി)*

അതുകൊണ്ട് അയൽവാസികളോട് ഏറ്റവും നല്ല രൂപത്തിൽ പെരുമാറാൻ നമുക്ക് സാധിക്കേണ്ടതുണ്ട്...

ഇസ്ലാം പഠിപ്പിക്കുന്ന മുഴുവൻ ബാധ്യതകളെയും ജീവിതത്തിലേക്ക് കൊണ്ടുവന്നു ഏറ്റവും നല്ല അയൽക്കാരെ വാർത്തെടുക്കുന്ന വിശ്വാസികളിൽ ഉൾപ്പെടുക.

അള്ളാഹു അനുഗ്രഹിക്കട്ടെ

---

**Segment 3** 5 mins

---

സംസ്ഥാനതല Cijal ന് വേണ്ടി ഒരുങ്ങുന്നവർക്ക് അവസരം നൽകാം.

അവർക്ക് മികവോടുകൂടി സംസ്ഥാനതലത്തിൽ പങ്കെടുക്കാൻ വേണ്ട പിന്തുണയും പരിശീലനവും നൽകുക

---

**Segment 4** "Learn A Dua" 5 mins

---

ഉറങ്ങാൻ കിടക്കുമ്പോൾ ഉള്ള പ്രാർത്ഥന-1

നബി ﷺ പറഞ്ഞു: "നീ ഉറങ്ങാനൊരുങ്ങുമ്പോൾ നമസ്കാരത്തിന് വുളൂ എടുക്കുന്നതുപോലെ വുളൂ എടുക്കുക, ശേഷം വലതുഭാഗത്തേക്ക് തിരിഞ്ഞുകിടന്ന് ഇപ്രകാരം പ്രാർത്ഥിക്കുക; അങ്ങിനെ ആ രാത്രി നീ മരിക്കാനിടയായാൽ ശുദ്ധ പ്രകൃതിയിലായിരിക്കും നിന്റെ മരണം!" (ബുഖാരി: 6315, മുസ്‌ലിം: 2710)

اللَّهُمَّ أَسْلَمْتُ نَفْسِي إِلَيْكَ ، وَفَوَّضْتُ أَمْرِي إِلَيْكَ ، وَوَجَّهْتُ وَجْهِي إِلَيْكَ ، وَأَلْجَأْتُ ظَهْرِي إِلَيْكَ رَغْبَةً
وَرَهْبَةً إِلَيْكَ لَا مَلْجَأَ وَلَا مَنْجَا مِنْكَ إِلَّا إِلَيْكَ ، آمَنْتُ بِكِتَابِكَ الَّذِي أَنْزَلْتَ وَبِنَبِيِّكَ الَّذِي أَرْسَلْتَ

അല്ലാഹുവേ! എന്നെ ഞാൻ നിന്നിൽ കീഴ്പെടുത്തിവെക്കുകയും, എന്റെ കാര്യങ്ങൾ ഞാൻ നിന്നിൽ ഏൽപിക്കുകയും, എന്റെ മുഖം ഞാൻ നിന്നിലേക്ക് തിരിക്കുകയും, എന്റെ മുതുകിനെ ഞാൻ നിന്നിലർപ്പിക്കുകയും ചെയ്തിരിക്കുന്നു. നിന്നിൽ (നിന്നുള്ള പ്രതിഫലം) പ്രതീക്ഷിച്ച് കൊണ്ടും, നിന്റെ (ശിക്ഷ) ഭയന്നുകൊണ്ടുമാകുന്നു അത്. നിന്റെ മാർഗത്തിലേക്ക് പശ്ചാതപിച്ച് മടങ്ങുകയല്ലാതെ യാതൊരു രക്ഷയോ അഭയമോ ഇല്ലതന്നെ! നീ ഇറക്കിയ വേദത്തിലും നീ അയച്ച ദൂതനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു.

---

## Segment 5

വെളിച്ചം

## QURANIC CHAPTERS

5 mins

---

- ഇതുവരെ നമ്മൾ പഠിച്ച 1 മുതൽ 65 വരെയുള്ള സൂറത്തുകളുടെ പേരുകൾ പറഞ്ഞു നോക്കാം...
- (കിട്ടാത്ത ഭാഗങ്ങൾ ഒന്നുകൂടി പഠിക്കാൻ ശ്രദ്ധിക്കുമല്ലോ)
- ആ പേരുകളുടെ അർത്ഥങ്ങൾ കൂടി കൃത്യമായി എന്ന് ഉറപ്പുവരുത്താം🤝

---

Campus Chat

## ASSIGNMENT

---

കഴിഞ്ഞ ആഴ്ചയിൽ നൽകിയിട്ടുള്ള Assignment നമ്മുടെ നാട്ടിലെ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ ചരിത്രം കണ്ടെത്തൽ.

കണ്ടെത്തിയ ചരിത്രങ്ങൾ CRE പഠിതാക്കൾക്ക് മുമ്പിൽ അവതരിപ്പിക്കുക...

(ചരിത്രങ്ങൾ കണ്ടെത്തി വന്ന വിദ്യാർത്ഥികൾക്ക് ചെറിയൊരു പ്രോത്സാഹന സമ്മാനം കൂടി നൽകാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ)

CRE WING | MSM Kerala